**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് (2002-03) ഖണ്ഡിക 2.6 പ്രകാരം തടസ്സപ്പെടുത്തിയ 50,000/- രൂപയുടെ (രൂപ അമ്പതിനായിരം മാത്രം) സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാധാ)നം.2058/2017/തസ്വഭവ തിരുവനന്തപുരം, തീയതി 20/06/2017

പരാമർശം : 1. നെടുമ്പന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 08/05/2017-ലെ A612/2005 നമ്പർ കത്ത്.

2. കൊല്ലം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 21/12/2009-ലെ എൽ.എഫ്.ക്യു.പി.1-64(4)/09 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് (2002-03) ഖണ്ഡിക 2(6) പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്ത് വെളിച്ചിക്കാല പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപനം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്ത ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന 50,000/- രൂപ ടി കാലയളവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ഖണ്ഡിക 2.6 -ന്മേലുള്ള തുടർനടപടി ഭരണവകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തതായി അറിയിച്ചിരുന്നു. ടി പരാമർശം ഒഴിവാക്കിത്തരണമെന്ന് നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം1 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടി ഗ്രാമപഞ്ചായത്ത് മാട്ടിറച്ചി വ്യാപനം നടത്തുന്നതിനുള്ള അവകാശം 2002-03 സാമ്പത്തിക വർഷത്തിൽ ലേലം കൊള്ളുന്നതിന് ആരും തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് ഉണ്ടാകാമായിരുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുത്ത് പ്രദേശവാസികളെ ലേലത്തിൽ പങ്കെടുപ്പിക്കുകയായിരുന്നു. ആന്ത്രാസ് രോഗബാധയെത്തുടർന്ന് ഇറച്ചിവ്യാപാരം നഷ്ടത്തിലായ പശ്ചാത്തലത്തിൽ സാമ്പത്തിക വർഷം പകുതിയാകും മുൻപേ ലേലം കൊണ്ട ശ്രീ. അബ്ദുൾ അസീസ് കച്ചവടം നിർത്തി വീടും സ്ഥലവും വിറ്റ് പഞ്ചായത്ത് വിട്ട്പോയിട്ടുള്ളതാണ്. മൊത്തം ലേലത്തുകയായ 100000/- രൂപയുടെ പകുതി 50000/- രൂപ ടിയാനിൽ നിന്നും ലേലം പിടിച്ച അവസരത്തിൽ തന്നെ ഈടാക്കിയിട്ടുണ്ട്. പഞ്ചായത്തിന് അടയ്ക്കാനുള്ള 50,000/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെങ്കിലും ടിയാൾ പഞ്ചായത്ത് വിട്ട്പോയ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടി ഫലപ്രദമായില്ല. ടിയാന്റെ നിലവിലെ വിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ല.

3) മേൽ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് (2002 -2003 ) ഖണ്ഡിക 2 (6) പ്രകാരം സെക്രട്ടറിയുടെ ബാധ്യത ആയി നിശ്ചയിച്ച കുടിശ്ശിക തുക ആയ 50000/- രൂപ (രൂപ അമ്പതിനായിരം മാത്രം) ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സന്തോഷ് വി.എസ്.
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നെടുമ്പന ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ